# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2502 18-07-2011-ലെ മറുപടിയ്ക്ക്

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ഡൊമിനിക് പ്രസന്റേഷൻ.<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വർക്കല കഹാർ. | ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന കാര്യങ്ങൾ സമയബന്ധിതമായി വകുപ്പിൽ നടപ്പിലാക്കുന്നതാണ്.<br>ഭരണ സംവിധാനത്തിന്റെ വിവിധ തട്ടുകളിലുള്ള ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളേയും, മുനിസിപ്പാലിറ്റികളേയും, കോർപ്പറേഷനുകളേയും ബന്ധിപ്പിച്ചുകൊണ്ടും, വിവരസാങ്കേതികവിദ്യയുടേയും, ദൃശ്യമാധ്യമ സംവിധാനങ്ങളുടേയും അനുപമ സാധ്യതകൾ സമന്വയിപ്പിച്ചുകൊണ്ടും പ്രവർത്തിയ്ക്കുന്ന ഒരു "സംയോജിത വികസന വാർത്താ ശൃംഖല" അടിയന്തിരമായി നടപ്പിലാക്കി പ്രാദേശിക തലങ്ങളിലും അതിനുമുകളിലും നടക്കുന്ന പൊതുജനശ്രദ്ധ അർഹിക്കുന്ന എല്ലാ വികസന വാർത്തകളും യഥാസമയം പൊതുജനങ്ങളിലെത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതാണ്. ബഹു: മുഖ്യമന്ത്രിയുടെ നിലവിലുള്ള പരാതിപരിഹാര സെല്ലിന്റെ ജില്ലാതലത്തിലുള്ള മോണിറ്ററിംഗ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ലാതല മോണിറ്ററിംഗ് സമിതി പുന:ക്രമീകരിയ്ക്കുന്നതിനോടൊപ്പം, സമിതി കൺവീനർമാരായ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരുടെ ഓഫീസുകളിലെ |

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുന്നതിനും, ബഹു: മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന സുതാര്യകേരളം വീഡിയോ കോൺഫറൻസ് പരിപാടി ക്രിയാത്മകമായി പരിഷ്കരിയ്ക്കുന്നതിനും, കൂടുതൽ തലങ്ങളിലേയ്ക്ക് വ്യാപിപ്പിയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ പ്രതികരണവും മുതൽ സമാഹരിയ്ക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും, അനുയോജ്യമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസംവിധാനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടേയും ദൃശ്യമാധ്യമ സംവിധാനങ്ങളുടേയും സഹായത്തോടെ പ്രവർത്തിയ്ക്കുന്ന ഒരു IT Enabled Feedback System സ്ഥാപിയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ തലത്തിലെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡൽഹി മലയാളികളുടെ സാംസ്കാരിക കൂട്ടായ്മയും സഹകരണവും ഊട്ടിയുറപ്പിയ്ക്കുന്നതിലേയ്ക്കായി കേരള കൾച്ചറൽ മിഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) സർക്കാരിന്റെ വികസന വാർത്തകൾ ശേഖരിച്ച് ബഹുജന മാധ്യമങ്ങൾക്ക് യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

(സി) സ്വീകരിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.